KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

Code No. 216

വിഷയം : ഭൂമിയുടെ വിളികൾ.

# അവസാനത്തെ വിളി.

കുസൃതികൾ കാട്ടുമ്പോൾ,
കുടുകുടെ ചിരിക്കുമ്പോൾ,
കുളിരേകുന്ന തലോടലായി
എന്നും കൂടെയുണ്ടായി
ഇളം കാലുകൾക്ക് അടി തെറ്റിയപ്പോൾ,
വീഴാതെ പിടിച്ചുനിൽക്കാൻ
ഒരു താങ്ങായി, ചില്ലയായി...

ഉറക്കമില്ലാത്ത രാത്രികളിൽ
അവളുടെ വിരലുകൾ
എന്നെ തലോടി.
തേൻ പോലെ മധുരിക്കും
മുലപ്പാലൂട്ടി, താരാട്ടു പാടി,
അവളെന്നെയുറക്കി....

ഒടുവിൽ, നട്ടെല്ലു നിവർത്തുമാറായി
അപ്പോൾ, അവളെ ഞാൻ മറന്നു
അവളുടെ സ്നേഹവും...
വാനം മുട്ടുന്ന മനോരാജ്യങ്ങൾക്കായി
ഞാൻ അവളെത്തന്നെ വിറ്റു.

Scanned by CamScanner

എല്ലാം നേടി; പക്ഷേ
അടിതെറ്റി - വീണ്ടും...
അപ്പോൾ പിടിച്ചുനിൽക്കാൻ
അവളുടെ കരങ്ങളുണ്ടായിരുന്നില്ല,
അവ അറുത്തുമാറ്റപ്പെട്ടിരുന്നു!

സ്വപ്നങ്ങൾ നിലംപരിശായി
തിരമാലകൾ പോലെ,
അവ പാറമേൽ തട്ടിച്ചിതറി...
ഞാൻ തലചായ്ക്കാൻ
ഒരു മടിത്തട്ടിനായി വെമ്പി.

പിന്നെയും ആ വിളി കേട്ടു...
കരങ്ങൾ അറുത്തുമാറ്റപ്പെട്ട,
സിരകൾ വറ്റിയ, വേദനകൊണ്ടു പുളയുന്ന
അവളുടെ വിളി...

തന്റെമാറിന്റെ ചൂടുപറ്റിയുറങ്ങാൻ,
~~അവളെന്നെ മാടിവിളിച്ചു, പിന്നെയും~~...
ചോര ചുവയ്ക്കുന്ന
ഒടുവിലത്തെ തുള്ളി ~~രക്തം~~ മുലപ്പാൽ നുകരാൻ
അവളെന്നെ മാടിവിളിച്ചു,
അവസാനമായി, എന്നെന്നേക്കുമായി...

Scanned by CamScanner